"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

ഭവനനിർമ്മാണ വകുപ്പ്- വാർഷിക പദ്ധതി 2026-27-സംസ്ഥാന ഭവനനിർമ്മാണ ബോർഡ്- എം. എൻ. ലക്ഷം വീട് പുനർ നിർമ്മാണം- സുവർണ്ണ ഭവനം പദ്ധതി- ഭരണാനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

G.O.(Rt)No.28/2026/HSG തീയതി,തിരുവനന്തപുരം, 01-10-2026

---

പരാമർശം:- 1. സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 17.08.2026-ലെ KSHB-HO/335/2023-LRCI നമ്പർ കത്ത്.

2. 18.08.2026-ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

2026-27 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ "എം.എൻ.ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി" പ്രകാരം എം.എൻ.ലക്ഷം വീട് പദ്ധതിയിൽ ഉൾപ്പെട്ട ശോചനീയാവസ്ഥയിലുള്ളതും താമസ യോഗ്യമല്ലാത്തതുമായ വീടുകൾ പുനർ നിർമ്മിക്കുന്നതിനായി 'സുവർണ്ണഭവനം' എന്ന പ്രധാന ഘടകത്തിലുൾപ്പെടുത്തി ധനസഹായം വിതരണം ചെയ്യുന്നതിനായി 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2. സർക്കാർ സബ്സിഡിയായി ഓരോ യൂണിറ്റിനും ₹3 ലക്ഷം രൂപയും സ്പോൺസർ/കോൺട്രിബ്യൂട്ടേഴ്സ് വിഹിതമായി ₹2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ ₹5 ലക്ഷം രൂപ വീതം ചെലവഴിച്ച്, 233 വീടുകൾ പുനർനിർമ്മിക്കുന്നതിനാണ് 2026-27 സാമ്പത്തിക വർഷത്തിൽ "എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി" വിഭാവനം ചെയ്തിട്ടുള്ളതെന്നും പ്രസ്തുത പദ്ധതിയുടെ ഭാഗമായി സർക്കാർ സബ്സിഡിയായ ₹3 ലക്ഷം രൂപ വീതം നൽകുന്നതിനായി ₹7 കോടി രൂപയുടെ ഭരണാനുമതി അനുവദിക്കണമെന്നാവശ്യപ്പെട്ടും ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. പ്രസ്തുത പ്രൊപ്പോസൽ 18.08.2026-ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം തേടേണ്ടതാണെന്നും. കൂടാതെ പദ്ധതി ഫലപ്രദമായ നിരീക്ഷണത്തോടെ കൃത്യമായ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കേണ്ടതാണെന്നുമുള്ള ഉപാധികളോടു കൂടി വീടൊന്നിന് സർക്കാർ സബ്സിഡിയായ 3 ലക്ഷം രൂപ നല്കുന്നതിനായി ആകെ 7 കോടി രൂപയിൽ നിജപ്പെടുത്തി എം. എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി നടപ്പാക്കുന്നതിന് പരാമർശം (2) പ്രകാരം അംഗീകാരം നല്കുകയുണ്ടായി.

4. മേൽ സാഹചര്യത്തിൽ, 2026-27 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 4216-80-800-94 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 7 കോടി രൂപ (ഏഴ് കോടി രൂപ മാത്രം) വിനിയോഗിച്ച് വീടൊന്നിന് 3 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡി നല്കി "എം. എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി" നടപ്പാക്കുന്നതിന് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം ഉറപ്പ് വരുത്തേണ്ടതാണ്.
ii. പദ്ധതി മുൻകൂട്ടി നിശ്ചയിച്ച സമയപരിധിക്കുള്ളിലും, ഫലപ്രദമായ മേൽനോട്ട സംവിധാനത്തോടും കൂടി നടപ്പിലാക്കേണ്ടതാണ്.
iii. പദ്ധതിയുടെ നിർവ്വഹണ ഏജൻസി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ആയിരിക്കും. കൂടാതെ KSHB-യുടെ നിരീക്ഷണ സംവിധാനം ഉപയോഗപ്പെടുത്തേണ്ടതാണ്.
iv. എസ്റ്റിമേറ്റ് തയ്യാറാക്കൽ, ഡ്രോയിംഗ് ഡിസൈൻ, സ്റ്റേജ്/ കംപ്ലീഷൻ സർട്ടിഫിക്കറ്റ് മുതലായ ഉൾപ്പെടെ ഗുണഭോക്താക്കൾക്ക് എല്ലാ സാങ്കേതിക പിന്തുണയും KSHB നല്കേണ്ടതാണ്.
v. വീടുകളുടെ പുനർനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് KSHB നിർമ്മാണ പുരോഗതി നിരീക്ഷിക്കേണ്ടതാണ്.
vi. പദ്ധതിയുടെ കാലാവധി ഒരു വർഷമായിരിക്കും
vii. ഫണ്ട് റിലീസ് യഥാർത്ഥ ആവശ്യകതയെ അടിസ്ഥാനമാക്കി ഉള്ളതായിരിക്കും.
viii. നിലവിലെ ലക്ഷം വീട് കോളനയിലെ കുടുംബങ്ങൾ ആയിരിക്കും പദ്ധതിയുടെ ഗുണഭോക്താക്കൾ.
ix. സർക്കാർ സബ്സിഡി 3 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHIJA C G
ADDITIONAL SECRETARY

സെക്രട്ടറി, സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ (പി. യു. സി) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്
ഐ& പി. ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Krishnakumar S
Date: 03-10-2026
12:33:26
സെക്ഷൻ ഓഫീസർ